## പുന്നപ്ര ഗാല (ബഹുനില വ്യവസായ സമുച്ചയം) യിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

പുന്നപ്ര വ്യവസായ വികസന പ്ലോട്ടിൽ മൂന്ന് നിലകളിലായി പണികഴിപ്പിച്ച ബഹുനില വ്യവസായ സമുച്ചയത്തിൽ (ഗാല) 779 ചതുരശ്ര അടി (32 എണ്ണം) 484 ചതുരശ്ര അടി (2 എണ്ണം) , 398 ചതുരശ്ര അടി(3 എണ്ണം) വിസ്തീർണ്ണമുള്ള ബിൽട്ട് അപ്പ് സ്പേസുകൾ ലീസ് വ്യവസ്ഥയിൽ 30 വർഷത്തേക്ക് അനുവദിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സ്വീകരിക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ, ഓറഞ്ച് കാറ്റഗറിക്ക് കീഴിൽ വരുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന നവസംരംഭകർക്ക് ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗ്രൗണ്ട് ഫ്ലോറിലെ 779 ചതുരശ്ര അടിയുള്ള സ്പേസിന് ഒരു ചതുരശ്ര അടിക്ക് 9.50 രൂപയും ഫസ്റ്റ് ഫ്ലോറിലെ 779 ചതുരശ്ര അടിയുള്ള സ്പേസിന് ഒരു ചതുരശ്ര അടിക്ക് 9.10 രൂപയും സെക്കൻഡ് ഫ്ലോറിലെ 779 ചതുരശ്ര അടിയുള്ള സ്പേസിന് ഒരു ചതുരശ്ര അടിക്ക് 8.60 രൂപയും ആയിരിക്കും മാസവാടകയായി ഈടാക്കുന്നത്. കൂടാതെ കോമൺ അമനിറ്റി സർവ്വീസ് ചാർജ്ജായി ഒരു ചതുരശ്ര അടിക്ക് 2.80 രൂപയും അധികമായി ഓരോ മാസവും നൽകേണ്ടി വരും. 12 മാസത്തെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റായി അലോട്ട്മെന്റ് സമയത്ത് നൽകേണ്ടതാണ്. എല്ലാ വർഷവും മാസവാടകയിനത്തിൽ 10% വർദ്ധനവ് വരുത്തുന്നതാണ്. താൽപ്പര്യമുള്ള സംരംഭകർ www.infra.industry.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ ലിങ്ക് വഴി ഓൺലൈനായി 30/11/2023 ന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫീസായി 5000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് DISTRICT INDUSTRIES CENTRE, ALAPPUZHA എന്ന പേരിൽ എടുത്തതിന് ശേഷം മാത്രം ഓൺലൈനായി അപേക്ഷ സമർപ്പിക്കുക. ഓൺലൈൻ അപേക്ഷ പരിഗണിക്കുന്നതിലേക്കായി അപേക്ഷയുടെ പ്രിന്റൗട്ട് താഴെപ്പറയുന്ന രേഖകൾ സഹിതം ജില്ലാ വ്യവസായ കേന്ദ്രത്തിൽ സമർപ്പിക്കുക.

1. Printout of the online Application
2. Biodata/Credentials of the applicant
3. Caste Certificate (applicable to SC/ST category)
4. Copy of Qualification Certificate
5. Copy of Aadhar & PAN Card
6. Detailed Project Report
7. Machinery Lay out
8. Demand Draft (original)

കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിദിനങ്ങളിൽ രാവിലെ 10 മുതൽ 5 മണി വരെ ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ബന്ധപ്പെടാവുന്നതാണ്. 0477-2241272, 0477-2241632, 9946407570, 8714395363

Sd/-

ജനറൽ മാനേജർ

ജില്ലാ വ്യവസായ കേന്ദ്രം

ആലപ്പുഴ